# പൊതുവിദ്യാലയങ്ങൾ ഇല്ലാതായാൽ.........?

എം.ഷാജഹാൻ
ജനറൽ സെക്രട്ടറി
കെ.എസ്.ടി.എ

പൊതുവിദ്യാലയങ്ങൾ (സർക്കാർ-എയ്ഡഡ്) ഇല്ലാതാകുന്ന അവസ്ഥയെപ്പറ്റി ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സി.ബി.എസ്.ഇ സ്കൂളുകൾക്ക് വ്യാപകമായി എൻ.ഒ.സി കൊടുക്കുന്ന നടപടി ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിന്റെ സാമൂഹ്യവളർച്ചയിൽ പൊതുവിദ്യാലയങ്ങളുടെ പങ്ക് നിർണ്ണായകമാണ്. കേരളസംസ്ഥാനം രൂപീകരിക്കുന്നതിനു മുൻപുതന്നെ നാലാംതരംവരെയുള്ള വിദ്യാഭ്യാസം ഏറെക്കുറെ സൗജന്യവും സാർവ്വത്രികവുമായത് ജനങ്ങളുടെ ഇച്ഛാശക്തിയുടെ ഫലമായിട്ടാണ്. സാമൂഹ്യപരിഷ്ക്കർത്താക്കളും ദേശീയനേതാക്കളും ഇടതുപക്ഷ പ്രസ്ഥാനവും ഇക്കാര്യത്തിൽ വഹിച്ച പങ്ക് ആർക്കും നിഷേധിക്കാൻ കഴിയില്ല.

ഒന്നാം ക്ലാസ് പ്രവേശനത്തിലുണ്ടായ കുറവും ഹയർസെക്കന്ററി പ്രവേശനത്തിൽ സി.ബി.എസ്.ഇ സിലബസിൽ പഠിച്ചവർക്കുവേണ്ടി സർക്കാർ സ്വീകരിച്ച നിലപാടുമാണ് പൊതുവിദ്യാലയങ്ങളുടെ നിലനിൽപ്പിന് ആശങ്കയുണ്ടാക്കുന്ന ചിന്തയ്ക്ക് ഇട നൽകിയത്. ഒന്നാംക്ലാസ് പ്രവേശനത്തിൽ കഴിഞ്ഞവർഷത്തേക്കാൾ ഇത്തവണ 22,000 കുട്ടികൾ കുറഞ്ഞിരിക്കുകയാണ്. 4,70,000 കുട്ടികൾ പത്താംക്ലാസ് കഴിഞ്ഞുപോയപ്പോൾ 3,20,000 കുട്ടികളാണ് ഒന്നാം ക്ലാസിൽ പുതിയതായി പ്രവേശനം നേടിയത്. ഫലത്തിൽ ഒന്നര ലക്ഷം കുട്ടികളുടെ കുറവുണ്ടായി. എല്ലാ ക്ലാസുകളും കണക്കിലെടുത്താൽ കഴിഞ്ഞ വർഷത്തെക്കാൾ രണ്ടേകാൽ ലക്ഷത്തിലേറെ കുട്ടികൾ കുറഞ്ഞു. 2010-11 ൽ 51 ലക്ഷം കുട്ടികൾ പഠിച്ചിരുന്ന പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ 37 ലക്ഷം കുട്ടികൾ മാത്രമേ പഠിക്കുന്നുള്ളൂ. ഫലത്തിൽ 14 ലക്ഷം കുട്ടികൾക്ക് പഠിക്കാനുള്ള ക്ലാസ്സ് മുറികൾ ഒഴിഞ്ഞുകിടക്കുന്നു എന്നർത്ഥം. പതിനായിരക്കണക്കിന് അധ്യാപകർ കുട്ടികളുടെ കുറവുമൂലം തൊഴിൽ ഭീക്ഷണി നേരിടുന്നു. 1,200 അധ്യാപകരെ തിരികെ പ്രവേശിപ്പിക്കാൻ അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് സൗകര്യം ഉണ്ടാക്കേണ്ടിവരുന്നു. എന്നിട്ടും അധ്യാപകരുടെ തൊഴിൽ ഭീക്ഷണി അത്യന്തം ഉത്ഘണ്ഠാകുലമായി തുടരുകയാണ്.

ലക്ഷക്കണക്കിന് കുട്ടികൾക്ക് പഠിക്കാൻ സൗകര്യമുള്ള ക്ലാസ്മുറികൾ പൊതുവിദ്യാലയങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന ലോകത്തിലെതന്നെ ഏക പ്രദേശമായിരിക്കും കേരളം. കുട്ടികളുടെ കുറവുമൂലം യോഗ്യതയും കഴിവുമുള്ള അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടുന്ന ഏകസ്ഥലവും കേരളമാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. ഇത്തരം സാഹചര്യത്തിൽ പുതിയ സ്കൂളുകൾ ആരംഭിക്കാൻ തലയ്ക്കുവെളിവുള്ള ഏതെങ്കിലും ഭരണാധികാരികൾ അനുവാദം കൊടുക്കുമോ? യു.ഡി.എഫ് സർക്കാരാകട്ടെ അധ്യാപകർക്ക് മാന്യമായ ശമ്പളം കൊടുക്കാതെ കുട്ടികളിൽ നിന്നും അമിതമായി ഫീസ് പിരിച്ച് വിദ്യാ

ഭ്യാസ കച്ചവടം നടത്തുന്ന സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്ക് അംഗീകാരം കൊടുത്തു കൊണ്ടിരിക്കുകയാണ്. അറുന്നൂറിലധികം സി.ബി.എസ്.ഇ സ്കൂളുകൾക്കും മുവ്വായിര ത്തിലധികം അൺ-എയ്ഡ് സ്കൂളുകൾക്കും അംഗീകാരം കൊടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകുകയാണ്. വിദ്യാഭ്യാസ അവകാശനിയമത്തിലൂടെ കേന്ദ്രം പ്രഖ്യാപിച്ച കാര്യങ്ങൾ അരനൂറ്റാണ്ടിനുമുൻപ് ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊ ള്ളാതെയാണ് പൊതുവിദ്യാലയങ്ങളെ തകർക്കുമെന്ന് അധികാരമേറ്റെടുത്തനാൾ മുതൽ വിദ്യാഭ്യാസ മന്ത്രിയും യു.ഡി.എഫും ആവർത്തിച്ച് പ്രഖ്യാപിക്കുന്നത്.

നിലവിലുള്ള നിയമം ലംഘിച്ചുകൊണ്ട് മാനേജുമെന്റുകൾ നടത്തിയ നാലായിര ത്തോളം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന വിദ്യാഭ്യാസ പാക്കേജാണ് ഏറ്റവും വലിയ നേട്ടമായി സർക്കാർ പറയുന്നത്. നിയമനാംഗീകാരത്തിലൂടെ കോടികളുടെ അഴി മതിക്കാണ് സർക്കാർ സൗകര്യം ചെയ്തുകൊടുത്തത്. അധ്യാപക-വിദ്യാർത്ഥി അനു പാതം കുറയ്ക്കാനുള്ള ഉത്തരവ് എൽ.ഡി.എഫ് സർക്കാരിന്റെ കാലത്തുണ്ടായതാണ്. ഒരുവർഷം കഴിഞ്ഞിട്ടും നടപ്പിലാക്കാൻ ഈ സർക്കാരിനു കഴിഞ്ഞിട്ടില്ല. അനുപാതം കുറയുമ്പോൾ ഉണ്ടാകുന്ന നാലായരിത്തോളം ഒഴിവുകളിൽ നിയമനം നടത്താൻ മാനേ ജർമാർക്ക് സൗകര്യം ചെയ്തിരിക്കുകയാണ്. ആയിരം കോടിയുടെ നിയമന അഴിമതി യാണ് ഇതിന്റെ ഫലമായി നടക്കാൻ പോകുന്നത്. സർവ്വീസിൽ നിന്നും പുറത്തായ അധ്യാ പകർക്ക് മുൻകാല സർവ്വീസോ ആനുകൂല്യങ്ങളോ നൽകാതെ തുടക്കക്കാരുടെ ശമ്പളം നൽകാനാണ് നിർദ്ദേശം. വിദ്യാഭ്യാസ പാക്കേജ് ഫലത്തിൽ മാനേജർ പാക്കേജായിമാറി യെന്നതാണ് സത്യം. 1997 വരെയുള്ളവരുടെ പ്രൊട്ടക്ഷൻ ഇതോടെ ഇല്ലാതായി. പ്രൊട്ട ക്ഷൻ പുനഃസ്ഥാപിച്ചുവെന്ന അവകാശവാദം അപഹാസ്യമാണ്.

വിദ്യാഭ്യാസരംഗത്ത് നിലനിന്ന എല്ലാ ഗുണമേന്മാ പ്രവർത്തനങ്ങളും സർക്കാർ നിർത്തലാക്കി. 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം (ക്യു.ഇ.പി.ആർ)' പദ്ധതി നിർത്തലാക്കി. പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ തുടർ പ്രവർത്തനങ്ങൾ അവ സാനിപ്പിച്ചു. മികവുള്ള മുഴുവൻ പേരെയും എസ്.സി.ഇ.ആർ.ടി, എസ്.എസ്.എ, സീമാറ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഒഴിവാക്കി. ടീച്ചർ എഡ്യുക്കേഷനോ ഡോക്ടറേറ്റോ ഇല്ലാത്ത അഴിമതിക്കാരനായ ഒരാളെ എസ്.സി.ഇ.ആർ.ടി ഡയറക്ടറായി നിയമിച്ചു. അധ്യാ പകരുടെ വെക്കേഷൻ പരിശീലനവും തുടർപരിശീലനവും നിർത്തിവച്ചു. സ്കൂൾ പ്രവേ ശനത്തിനുള്ള പ്രായപരിധി ഉയർത്തിയതും ഘടനാമാറ്റത്തിന്റെ പേരിൽ ടി.സി പ്രശ്നം വിവാദമാക്കിയതും രക്ഷിതാക്കളിൽ ആശങ്കയുണ്ടാക്കി. ഇത് ഒന്നാം ക്ലാസ് പ്രവേശനത്തെ പ്രതികൂലമായി ബാധിച്ചു.

അശാസ്ത്രീയമായ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെ കുറിച്ചുള്ള പ്രഖ്യാപനങ്ങൾ പൊതുവിദ്യാലയങ്ങളുടെ നിലനിൽപ്പിനെതന്നെ ചോദ്യം ചെയ്തിരിക്കുകയാണ്. ഘടനാ മാറ്റവും സ്കൂൾ ക്ലസ്റ്ററും നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. നിലവിലുള്ള സ്കൂളുകളുടെ

നിലനിൽപ്പിനെ അപകടത്തിലാക്കുന്ന ഘടനാമാറ്റം നടപ്പിലാക്കുമെന്ന് പറഞ്ഞു. എതിർപ്പി നെതുടർന്ന് പിൻവലിച്ചെങ്കിലും പൊതുവിദ്യാലയങ്ങളെക്കുറിച്ച് രക്ഷിതാക്കളിൽ ആശ ങ്കയുണ്ടാക്കിയിരിക്കുകയാണ്. വൊക്കേഷണൽ ഹയർസെക്കന്ററി ഈ വർഷം മുതൽ നിർത്തലാക്കാനുള്ള നടപടികൾ ആരംഭിച്ചതാണ്. അരലക്ഷം കുട്ടികളും പതിനാലായിര ത്തോളം അധ്യാപകരും ആയിരത്തോളം ജീവനക്കാരും ജോലിചെയ്യുന്ന ഒരു സംവിധാ നത്തെ ഒരുതരത്തിലുമുള്ള ആലോചനയുമില്ലാതെയാണ് നിർത്തലാക്കുമെന്ന് മന്ത്രി പ്രഖ്യാ പിച്ചത്. ശക്തമായ എതിർപ്പിനെതുടർന്ന് തീരുമാനത്തിൽ നിന്ന് പിറകോട്ടുപോയി. 12-ാം തരംവരെ സാർവ്വത്രികമായ വിദ്യാഭ്യാസം നടപ്പിലാക്കിയത് ഹയർസെക്കന്ററി വ്യാപന ത്തിന്റെ ഫലമായിട്ടാണ്. സാമൂഹ്യനീതിയും സുതാര്യതയും ഉറപ്പുവരുത്തിയ പ്രവേശന ത്തിനുള്ള ഏകജാലകസംവിധാനം സി.ബി.എസ്.ഇ കുട്ടികൾക്കുവേണ്ടി നീട്ടിവച്ചു. കേര ളാസിലബസിലെ കുട്ടികളുടെ പ്രവേശനം പ്രതിസന്ധിയിലായിരിക്കുകയാണ്. സ്കൂൾതല പരീക്ഷ കഴിഞ്ഞുവരുന്ന സി.ബി.എസ്.ഇ വിദ്യാർത്ഥികൾക്കും പൊതുപരീക്ഷയായ എസ്. എസ്.എൽ.സി കഴിഞ്ഞവർക്കും ഒരുപോലെ പ്രവേശനം നൽകുന്നത് ശാസ്ത്രീയമല്ല. പൊതുപരീക്ഷ കഴിഞ്ഞ കേരളസിലബസിലെ കുട്ടികൾക്ക് അഡ്മിഷൻ ഉറപ്പാക്കുന്ന തിന് സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കാൽലക്ഷം കുട്ടികളാണ് മൂന്നുവർഷം കൊണ്ട് സി.ബി.എസ്.ഇ സംവിധാനത്തിൽ നിന്നും പൊതുവിദ്യാലയങ്ങളിലെ ഹൈസ്കൂൾ ക്ലാസുകളിൽ പുതുതായി ചേർന്നത്. ഇതു തടയാൻ സി.ബി.എസ്.ഇ മാനേജുമെന്റുമായി സർക്കാർ നടത്തിയ ഒത്തുകളിയാണ് ഇത്തവണത്തെ പ്രവേശനത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചത്.

അധ്യാപക സ്ഥലംമാറ്റത്തിന് ഓൺലൈൻ സമ്പ്രദായം കഴിഞ്ഞ വർഷം മരവിപ്പി ച്ചു. പകരം അനുകമ്പാർഹമായ സ്ഥലംമാറ്റത്തിൽപോലും അഴിമതിനടത്തി. അധ്യാപക സമൂഹത്തോട് പ്രതിബദ്ധതയില്ലാത്ത സർക്കാരാണ് കേരളം ഭരിക്കുന്നത്. ഐ.ടി. അധി ഷ്ഠിത പഠനത്തിലൂടെയും പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെയും നേട്ടങ്ങൾ കൈവ രിച്ച പൊതുവിദ്യാലയങ്ങളെ തകർക്കാൻ നടത്തുന്ന ശ്രമങ്ങളെ പരാജയപ്പെടുത്താൻ പൊതുസമൂഹം രംഗത്തുവരേണ്ടതുണ്ട്. കലാ-കായിക രംഗങ്ങളിലും അക്കാദ മികരംഗത്തും മുന്നേറ്റമുണ്ടാക്കിയ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ എല്ലാവർക്കും ബാധ്യതതയുണ്ട്. കേരളത്തിൽ നിലനിൽക്കുന്ന മതേതര സംസ്കാരത്തിന് അടിത്തറയി ടുന്നത് പൊതുവിദ്യാലയങ്ങളിലെ പഠനാന്തരീക്ഷമാണ്. ഇതിനെ തകർക്കാൻ യാതൊരു കാരണവശാലും അനുവദിച്ചുകൂടാ.